MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/06/2023.

1. കല്ലിയൂർ ഗ്രാമപഞ്ചായത്ത് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കല്ലിയൂർ കൃഷിഭവൻ ഇക്കോ ഷോപ് ഓൺലൈൻ മാർക്കറ്റ്, കല്ലിയൂർ ഗ്രീൻസ് ലോഗോ പ്രദർശനം, കൃഷിക്കൂട്ടങ്ങൾക്കൊരു കൈത്താങ്ങ് സംയുക്ത പദ്ധതി, കൃഷിക്കൂട്ടങ്ങൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും, പ്രകൃതി സൗഹൃദ കൃഷിയിട പദ്ധതി, മികച്ച കൃഷിക്കൂട്ടങ്ങളെ ആദരിക്കൽ എന്നീ പരിപാടികൾ നടത്തുന്നു. പ്രസ്തുത പരിപാടികളുടെ ഉദ്ഘാടന കർമ്മം നാളെ (20.6.2023) ഉച്ചയ്ക്ക് 2 മണിയ്ക്ക് ശാസ്ത്രാ എൻ എസ് എസ് ആഡിറ്റോറിയം, കല്ലിയൂരിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കുന്ന വാഴ, പച്ചക്കറി എന്നിവയ്ക്കായി തുറസായ സ്ഥലത്ത് കൃത്യതാകൃഷിയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. തുള്ളി നന സൗകര്യത്തോടു കൂടിയുള്ള കൃഷി, പ്ലാസ്റ്റിക് മൾച്ചിംഗ് എന്നീ ഘടകങ്ങൾ ചെയ്യുന്ന യൂണിറ്റുകൾക്കാണ് ധനസഹായം നൽകുക. ഇത്തരത്തിൽ വാഴയ്ക്ക് ഹെക്ടർ ഒന്നിന് 96,000 രൂപയും പച്ചക്കറി ഹെക്ടർ ഒന്നിന് 91,000 രൂപയും ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനായി കൃഷിയിടം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായോ ജില്ലാ ഹോർട്ടികൾച്ചർ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ജില്ലാ ഓഫീസറുടെ ഫോൺ നമ്പറിനും www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ ഹോർട്ടികൾച്ചർ മിഷൻ - കേരള ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം പാളയത്ത് പ്രവർത്തിക്കുന്ന സംസ്ഥാന ഹോർട്ടികൾച്ചർമിഷൻ- കേരളയുമായോ **0471 – 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

3. ചെറ്റച്ചൽ ജേഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിൽ കന്നുകാലികൾക്ക് ഹൂഫ് ട്രിമ്മിംഗ് നടത്തുന്നതിനും, പശുക്കൾക്ക് ബ്ലോക്ക് പിടിപ്പിക്കുന്നതിനുമുള്ള ജോലി പ്രൊഫഷണലായി ചെയ്യുവാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താല്പര്യമുള്ള വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. അവസാന തീയതി 20/06/2023 പകൽ 11 മണി. കൂടുതൽ വിവരങ്ങൾക്ക് 9496804553 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. കേരള കാർഷിക സർവകലാശാല വെള്ളായണി ഇൻസ്ട്രക്ഷനൽ ഫാമിൽ വെണ്ട, ചതുരപ്പയർ, കുറ്റിപ്പയർ, വൻപയർ, മത്തൻ, വഴുതന, തക്കാളി, മുളക്, കുറ്റി വാളരി, ചുരയ്ക്ക, WCT, കോമാടൻ തൈകൾ, കൂൺ വിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383572** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാമിൽ പച്ചക്കറിത്തൈകൾ, വിത്തുകൾ, സമ്പുഷ്ടീകരിച്ച ചാണകം, മണ്ണിര കമ്പോസ്റ്റ്, വെർമിവാഷ്, വാം എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0470 2644291** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കൃഷിവകുപ്പിന്റെ ആനയറയിലുള്ള വില്പന കേന്ദ്രം വഴി അത്യുൽപാദന ശേഷിയുള്ള DXT, TXD, WCT, Orange Dwarf, കുറ്റ്യാടി നാടൻ തുടങ്ങിയ ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകളും കൂടാതെ, മാവ്, പ്ലാവ്, റമ്പൂട്ടാൻ, അടയ്ക്ക, കുടംപുളി, അലങ്കാര ചെടികൾ തുടങ്ങിയവ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

7. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഇന്ന് കർഷക ഗ്രൂപ്പുകൾ രൂപീകരികരണവും രജിസ്ട്രേഷനും, സ്മാം പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

8. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും 26, 27 തീയതികളിൽ **"പന്നിവളർത്തൽ"** എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് 2023 ജൂൺ 25 വരെ അപേക്ഷിക്കാം. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉള്ള വിദ്യാർത്ഥികൾക്ക് ബിരുദ, ഡിപ്ലോമ കോഴ്സുകൾക്കും യോഗ്യമായ ബിരുദങ്ങൾ ഉള്ള വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദ, പി.ജി.ഡിപ്ലോമ കോഴ്സുകൾക്കും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. യോഗ്യത സംബന്ധമായ വിശദമായ വിവരങ്ങൾക്ക് വെബ്സൈറ്റിലുള്ള പ്രോസ്പെക്ടസ് പരിശോധിക്കുക. തൊഴിലിനും ഉപരിപഠനത്തിനും ഒരുപോലെ അനുയോജ്യമായ ഈ കോഴ്സുകളുടെ വിശദമായ വിവരങ്ങൾ അറിയുന്നതിനും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും സർവ്വകലാശാലയുടെ വെബ്സൈറ്റ് www.kvasu.ac.in അല്ലെങ്കിൽ അപേക്ഷ പോർട്ടൽ https://application.kvasu.ac.in/ സന്ദർശിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

**10. പച്ചക്കറി വിളകൾ**

പച്ചക്കറികളിൽ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 2 ആഴ്ച ഇടവേളകളിലായി തളിച്ച് കൊടുക്കുന്നത് രോഗങ്ങളെ പ്രതിരോധിക്കുന്നതിനു സഹായിക്കും. പച്ചക്കറി കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കെ എ യു സമ്പൂർണ മൾട്ടി മിക്സ് എന്ന പോഷക മിശ്രിതം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. നേരിട്ട് വിത്ത് വിതച്ച സ്ഥലങ്ങളിൽ 30, 45, 60 ദിവസങ്ങളിലും പറിച്ചു നട്ട സ്ഥലങ്ങളിൽ 15, 30, 45 ദിവസങ്ങളിലുമാണ് ഇവ തളിച്ച് കൊടുക്കേണ്ടത്. മഴയില്ലാത്ത തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ഇവ തളിച്ച് കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം